## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2995 — 22.06.2012 ൽ മറുപടിയ്ക്ക്

## രാസവളങ്ങളുടെ വില

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കർഷകർ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന രാസവളങ്ങൾ ഏതെല്ലാമാണ്; | (എ) യൂറിയ, മ്യൂറേറ്റ് ഓഫ് പൊട്ടാഷ്, ഫാക്ടംഫോസ്, ഡൈ അമോണിയം ഫോസ്ഫേറ്റ്, ഐ.പി.എൽ. ഇഫ്കോ എന്നീ കമ്പനികളുടെ കോംപ്ലക്സ് വളങ്ങൾ എന്നിവയാണ് സംസ്ഥാനത്ത് കർഷകർ ഏറ്റവും കൂടുതലായി ഉപയോഗിക്കുന്ന രാസവളങ്ങൾ |
| (ബി) പ്രസ്തുത വളങ്ങൾക്ക് കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് ഈ വർഷം ചാക്ക് ഒന്നിന് ഉണ്ടായിട്ടുള്ള വിലവർദ്ധന എത്ര വീതമാണെന്ന് വ്യക്തമാക്കാമോ; | (ബി) |

| ക്രമ നമ്പർ | രാസവളം | ഒരു ചാക്കിന്റെ മൊത്ത ചില്ലറ വില 01.06.2011 പ്രകാരം | ഒരു ചാക്കിന്റെ ഇപ്പോഴുള്ള ചില്ലറ വില | വിലയിൽ വന്ന വ്യത്യാസം |
|---|---|---|---|---|
| 1 | യൂറിയ | 276 | 268 | 8 (വാറ്റ് നികുതി ഒഴിവാക്കിയതിനാൽ ഉണ്ടായ കുറവ്) |
| 2 | മ്യൂറേറ്റ് ഓഫ് പൊട്ടാഷ് | 312.25 | 840 | 527.75 |
| 3 | ഫാക്ടംഫോസ് | 488.83 | 823.4 | 334.57 |
| 4 | ഡൈ അമോണിയം ഫോസ്ഫേറ്റ് ഐ.പി.എൽ. | 624.24 | 1200 | 575.76 |
| 5 | 20:20:0:13 (ഐ.പി.എൽ) | 379.75 | 790 | 410.25 |
| 6 | 20:20:0:13 (ഇഫ്കോ) | 484 | 740 | 256 |

| | |
|---|---|
| (സി) സംസ്ഥാനത്ത് യൂറിയ വളത്തിന് ക്ഷാമം | (സി) 2012 ഏപ്രിൽ മാസം യൂറിയ ലഭിച്ചത് കുറവായിരുന്നതിനാൽ ഏപ്രിൽ അവസാനവാരവും മെയ് ആദ്യ വാരവും യൂറിയയ്ക്ക് |

| | | | |
|---|---|---|---|
| | അനുഭവപ്പെടുന്നുണ്ടെങ്കിൽ ആയതിന്റെ കാരണം എന്താണ്; | | ക്ഷാമം അനുഭവപ്പെട്ടു. മദ്രാസ് ഫെർട്ടിലൈസേഴ്, മാംഗ്ലൂർ കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ് തുടങ്ങി യൂറിയ ഉൽപ്പാദന കമ്പനികൾ വാർഷിക മെയിന്റനൻസിനായി പ്ലാന്റുകൾ അടച്ചിട്ടതുകാരണമാണ് യൂറിയ ലഭ്യതയിൽ കുറവുണ്ടായത്. |
| (ഡി) | കുറഞ്ഞ ചെലവിൽ കർഷകർക്ക് വളലഭ്യത ഉറപ്പുവരുത്താൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നത്? | (ഡി) | കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി തുടങ്ങിയുള്ള വിളകൾക്കായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ ഉൽപ്പാദനോപാധികളിൽ ഉൾപ്പെടുത്തി രാസവളത്തിന് കൂടി സബ്സിഡി അനുവദിയ്ക്കുന്നുണ്ട്. കൂടാതെ 8.11.2011 മുതൽ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന രാസവളങ്ങളെ വാറ്റ് നികുതിയിൽ നിന്നും ഒഴിവാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ